# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

happy Easter

*Laity Reflect on*
Syro-Malabar Sunday Mass
SCRIPTURE READINGS

7 -ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
മാർച്ച് 31


ഉയിർപ്പ് തിരുനാൾ



# വെളിച്ചത്തെ ഗ്രസിക്കാൻ ഇരുളിനു കഴിഞ്ഞില്ല

ഏശ 60:1 – 7; 1 സാമു 2:1 – 10; റോമാ 5:20 – 6:23; മത്താ 28:1 – 6

മഹത്തായ വിശ്വാസസത്യങ്ങളെ നാം രഹസ്യം, ദിവ്യരഹസ്യം എന്നൊക്കെയാണ് വിളിക്കുക. പോകെപ്പോകെ ശുശ്രൂഷാ പദവികളിലേക്ക് അഭിഷിക്തരായവർക്കു മാത്രം വെളിപ്പെടുത്തപ്പെട്ട ഒന്നാണ് എന്നും, തിരശീലക്കപ്പുറം മറച്ചു വയ്ക്കപ്പെടേണ്ടവയാണ് അവ എന്നുമുള്ള ചിന്തകളാണ് വളർന്നു വന്നത്. സത്യത്തിൽ വാക്കുകളിൽ പകർത്താനാവാത്ത പൊരുളുകളുടെ ഉൺമയാണ് ദിവ്യരഹസ്യങ്ങൾ. തേനിന്റെ മാധുര്യം പോലെ, പനിനീർ പൂവിന്റെ സുഗന്ധം പോലെ, മഴവില്ലിന്റെ നിറം പോലെ അവയിലേക്ക് കടന്നുചെന്നാൽ മാത്രം അനുഭവവേദ്യമാകുന്ന സത്യങ്ങൾ. മിശിഹായുടെയും സഭയുടെയും ലയം ഭാര്യാഭർത്താക്കന്മാരുടെ ഐക്യത്തോടു ബന്ധിപ്പിച്ചു സംസാരിച്ചിട്ട് പൗലോസ് ശ്ലീഹാ പറയുന്നു: 'ഇതൊരു വലിയ രഹസ്യമാണ്.'

ജന്മനാ അന്ധനായിരുന്നവന് കാഴ്ച നൽകുന്നതിന് മുൻപ് കർത്താവ് അരുളി ചെയ്തു: 'ലോകത്തിൽ ആയിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്'. ആ നിമിഷം വരെ അയാൾക്ക് പ്രകാശമെന്നത് ഒരു രഹസ്യമായിരുന്നു. അപ്പോൾ മുതൽ അത് അയാൾക്ക് അനാവൃതമാകുന്നു.

മിശിഹായുടെ ഉത്ഥാനമാണ് വിശ്വാസത്തിന്റെ കേന്ദ്രം. അവൻ ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ നമ്മുടെ പ്രസംഗവും വിശ്വാസവും ജീവിതവുമെല്ലാം വ്യർത്ഥം മാത്രം. മഹത്തമമായ ആ സംഭവത്തെ ഉൾക്കൊള്ളാൻ മാനുഷികമായ ഭാവനയും ഭാഷയും തികച്ചും അശക്തവും അപര്യാപ്തവുമാണ്. കാലത്തിനും സ്ഥലത്തിനും അതീതമായ ആ ബ്രാഹ്മമുഹൂർത്തത്തെ സുവിശേഷം സാന്ദ്രമൗനത്താലാണ് രേഖപ്പെടുത്തുക. അവനെ അറിഞ്ഞ് സ്നേഹിച്ച് വിശ്വസിക്കുന്നവർക്ക് പ്രവേശിച്ച് അനുഭവിക്കാനും രൂപാന്തര




ആൽഫസ് പത്രോസ്

പ്പെടുവാനും മാത്രം സാധിക്കുന്ന മഹാരഹസ്യമാണ് ഉത്ഥാനം.

സുവിശേഷത്തിലുടനീളം മിശിഹായുടെ പെസഹാ രഹസ്യത്തിന്റെ സൂചനകൾ മുദ്രിതമായിട്ടുണ്ട്. പുൽക്കൂട്ടിലേക്ക് ജ്ഞാനികൾ കൊണ്ടുവരുന്ന കാഴ്ചവസ്തുക്കൾ ഒന്നു ശ്രദ്ധിക്കൂ: മീറാ അവന്റെ മരണ ത്തെയും കുന്തിരിക്കം പൗരോഹിത്യത്തെയും പൊന്ന് രാജത്വത്തേയുമാണ് സൂചിപ്പിക്കുക. തന്റെ മരണമാകുന്ന ബലിയിലൂടെ പൗരോഹിത്യ ശുശ്രൂഷ പൂർത്തിയാക്കി നിത്യമഹത്വത്തിന്റെ സ്വർണമകുടം അണി യുന്ന രാജാവിനെയാണ് ആ സന്ദർശനം വെളിപ്പെടുത്തുന്നത്.

സർവനീതിയും പൂർത്തിയാക്കാൻ ഈശോ സ്നാപകനിൽ നിന്നു കൈക്കൊണ്ട മാമ്മോദീസാ അവന്റെ പെസഹായുടെ കൂദാശയാണ്. അനുതാപികളായ പാപികളോടുള്ള ഐക്യത്തിൽ അവൻ ജോർദാനിലെ ജലത്തിൽ അടക്കപ്പെടുന്നു; നദിയിൽ നിന്നും ഉയർന്നു വരുന്ന മിശിഹാ റൂഹായുടെ സഹവാസത്താലും പിതാവിന്റെ പ്രഖ്യാപനത്താലും മഹത്ത്വീകൃതനാകുന്നു. ആ നിമിഷാർദ്ധത്തിൽ ഒളിമിന്നിയ തന്റെ വരാനുള്ള യഥാർത്ഥ മാമ്മോദീസാ നിവൃത്തിയാകുന്നതു വരെ അവൻ ഞെരുങ്ങിക്കൊണ്ടേയിരുരുന്നു. ലോകസൃഷ്ടിക്ക് മുൻപ് പിതാവിനോടൊത്തുണ്ടായിരുന്ന മഹത്വത്തിലേക്ക് പുത്രൻ ഉത്ഥാനത്താൽ ഇന്ന് മഹത്വപ്പെട്ടിരിക്കുന്നു.

അവന്റെ ഉയിർത്തെഴുന്നേൽപ്പാണ് യഥാർത്ഥ പ്രകാശം. അനിശ്ചിതത്വത്തിന്റെ അജ്ഞാതമായ നിഴൽ മൂടിയ മരണതാഴ്വരയിൽ ഉത്ഥിതൻ പ്രത്യാശയുടെ നിത്യസൂര്യനായി ഉദിച്ചു. പാപവും മരണവും എന്ന അന്ധകാരത്തിന് അവനെ ഗ്രസിക്കാനോ, ഗ്രഹിക്കാനോ സാധിക്കു കയില്ല.

## മർത്യതയേവം സകലേശൻ നിതരാം നൂതനമാക്കുന്നു

വേദപാരംഗതനായ വിശുദ്ധ ഇരണേവൂസിന്റെ പ്രശസ്തമായ ഒരു ചിന്താശകലമുണ്ട്: 'ദൈവത്തിന്റെ മഹത്വം സജീവതയാർന്ന മനുഷ്യനാണ്; മനുഷ്യന്റെ ജീവനാകട്ടെ ദൈവത്തിന്റെ ദർശനവും'. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യ ജീവൻ ഏറ്റവും ലളിതമായ തലം മുതൽ തന്നെ പ്രപഞ്ചത്തിൽ ദൈവത്തിന്റെ മുദ്രയാണ്; അതിന്റെ പൂർണത ഉത്ഥിതനായ മിശിഹായും. ദൈവവും മനുഷ്യനുമായ ഉത്ഥിതനിലൂടെ മനുഷ്യസൃഷ്ടി നിതാന്തം ദൈവാനുഭവത്തിന്റെയും വിമോചനത്തിന്റെയും പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. വിശുദ്ധഗിരിയിലെ അവന്റെ രൂപാന്തരീകരണത്തിന് മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്കാണ് മെറ്റമോർഫോസിസ്. പിന്നീട് ജീവശാസ്ത്രം ആ വാക്ക് കടമെടുത്തു. പച്ചിലപ്പുഴുവിന് ചെടിയുടെ താങ്ങ് വേണം. ചിത്രശലഭമാകട്ടെ താങ്ങില്ലാതെ ആകാശത്ത് വസിക്കുന്നു. താബോറിലെ ദർശനം നിത്യസത്യമായി പരിണമിക്കുന്ന രൂപാന്തരീകരണമാണ് ഉത്ഥാനം.

മിശിഹാ തന്റെ സമ്പൂർണ സമർപ്പണത്തിലൂടെ സ്വർഗീയ മനുഷ്യരായി രൂപാന്തരപ്പെടുന്നതിനുള്ള വാതിൽ നമുക്കായി തുറന്നു തരുന്നു. അവന്റെ ജീവൻ ആരും പിടിച്ചെടുക്കുകയല്ല മറിച്ച് അവൻ തന്റെ അജഗണത്തിനായി സ്വമനസാ സമർപ്പിക്കുകയാണ്. മരിച്ചവരിൽ നിന്നുള്ള ആദ്യജാതനായി, പുതിയ ആദമായി അവൻ തന്റെ അജഗണത്തിനു മുൻപിൽ നിലകൊള്ളുന്നു. അവൻ തന്നെയാകുന്ന ആ കവാടത്തിലൂടെയുള്ള കടന്നുപോകലാണ് നമ്മുടെ പെസഹാനുഭവം.

## അവനിൽ, അവനോടൊപ്പം, അവനിലൂടെ

പെസഹാരഹസ്യത്തിന്റെ ഏറ്റവും പ്രണയാത്മകമായ ദർശനം സഭാപിതാവായ വിശുദ്ധ ആഗസ്തീനോസിന്റേതാണ്. 'ആദം നിദ്രയിലായിരുന്നപ്പോൾ അവന്റെ പാർശ്വത്തിൽ നിന്നും എടുക്കപ്പെട്ട ഒരു വാരി യെല്ലിൽ നിന്നും അവന്റെ വധുവായ ഹവ്വാ സൃഷ്ടിക്കപ്പെട്ടു. മിശിഹാ കുരിശിൽ നിദ്രകൊള്ളുമ്പോൾ അവന്റെ പാർശ്വം കുന്തത്താൽ പിളർക്കപ്പെട്ടു, കൂദാശകൾ അവിടെ നിന്നു പുറപ്പെട്ടു. കർത്താവിന്റെ വധുവായ സഭ അവന്റെ പാർശ്വത്തിൽ നിന്നും എടുക്കപ്പെട്ടു.'

സൃഷ്ടിയുടെ ആറാം ദിവസം മണ്ണിൽ നിന്നും മനുഷ്യനെ സൃഷ്ടിച്ച് ഏഴാം ദിവസം വിശ്രമിച്ചവൻ, ആഴ്ചവട്ടത്തിന്റെ ആറാം ദിവസം തന്റെ ശരീരത്താൽ അർപിച്ച ബലി വഴി മനുഷ്യനെ പൂർണനാക്കി ഏഴാം ദിവസം വിശ്രമിച്ചു. പുതിയ ആഴ്ചയുടെ പുലരി പുതിയ സൃഷ്ടിയുടെ ആദ്യദിനമാണ്. മിശിഹാ തന്റെ വധുവിന് ഇന്ന് മഹത്വത്തോടെ സ്വയം വെളിപ്പെടുത്തുന്നു. മാലാഖമാർ പ്രഖ്യാപിക്കുന്നു, 'ജീവിക്കുന്നവനെ നിങ്ങൾ എന്തിന് മരിച്ചവരുടെ ഇടയിൽ തേടുന്നു? അവൻ ഇവിടെയില്ല.'

അവൻ തന്റെ വധുവിനോടൊപ്പമാണ്. അവളെ നേടിയെടുക്കാൻ വേണ്ടി താൻ കടന്നുവന്ന സഹനത്തിന്റെയും മരണത്തിന്റെയും വഴികളെപ്പറ്റി അവൻ ഒരിക്കലും പരാതി പറയുന്നില്ല. പിന്നെയോ തന്റെ മുറിപ്പാടുകൾ കാട്ടിക്കൊണ്ട് അവൻ പറയുന്നു. 'ഇത് ഞാനാണെന്ന് ഈ മുറിവുകൾ കണ്ടു വിശ്വസിക്കൂ'. ആ മുറിവുകൾ അവന് തന്റെ പ്രിയതമയോടുള്ള പ്രണയത്തിന്റെ മുദ്രകളാണ്.

ഉയിർപ്പ് നമുക്ക് ഒരേ സമയം പ്രത്യാശയും ക്ഷണവുമാണ്. പൂർണമായ, പരിഭവങ്ങളില്ലാത്ത സമർപണത്തിലൂടെ അവന്റെ മഹത്വീ കൃതമായ സാദൃശ്യത്തിലേക്കും ദൈവീക ജീവനിലേക്കും കടന്നുവരാനുള്ള വിളിയാണ് ഉത്ഥിതൻ നൽകുക. അവൻ തന്നെയാണ് പുനരുത്ഥാനവും ജീവനും. അവന്റെ സ്വരം കേട്ട് അവന്റെ ഉത്ഥാന മഹിമയുടെ രഹസ്യത്തിലേക്ക് പ്രവേശിക്കാനും അവന്റെ രൂപാന്തരീകരണത്തിൽ അവനോട് ഐക്യപ്പെടാനുമുള്ള കൃപ റൂഹാ നമ്മളിൽ വർഷിക്കട്ടെ.




▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com